കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്തിന്റെ 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37,47 - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3534/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 04.10.2014 – ലെ എസ് 1-1348/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14411/15 നമ്പർ കത്ത്
3. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 03.08.2015 – തിയതിയിലെ എൽ.എഫ്.8306/പി.റ്റി3 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്തിന്റെ 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37 പ്രകാരം, ആവർത്തന സ്വഭാവമില്ലാത്ത ഓരോ ഇനം ചെലവിനും പരമാവധി 10000 രൂപാ മാത്രമേ ചെലവാക്കാൻ അനുമതിയുള്ളുവെന്നിരിക്കെ 18940 രൂപായുടെ സ്റ്റേഷനറി സാധനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വാങ്ങിയ സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ 8940 രൂപായുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. അതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 47 പ്രകാരം, പ്രൊജക്റ്റ് നമ്പർ 108/99 – ആയി നടപ്പിലാക്കിയ കൊയ്പ്പാലക്കുളം - ഏതാന്നൂർ പാടം റോഡ് നിർമ്മാണത്തിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ ചെലവിനത്തിലുള്ള 41000 രൂപായും തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഓഫീസിലേക്കും കൈമാറിക്കിട്ടിയ മറ്റ് സ്ഥാപനങ്ങളിലേക്കും കൂടി വാങ്ങേണ്ടി വന്നതിനാലാണ് അധികം തുക ചെലവഴിക്കേണ്ടി വന്നതെന്നും ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37-ന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. 19.03.2001 – ൽ അനുവദിച്ച കിട്ടിയ പദ്ധതി തുക അതേ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചില്ലെങ്കിൽ പദ്ധതി വീണ്ടും സ്പിൽ ഓവറാകുമെന്ന് കണ്ടതിനാലാണ് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുന്നതിനു മുൻപായി തുക കൺവീനർക്കു നൽകിയതെന്നും പ്രസ്തുത റോഡ് ഇപ്പോഴും ജനങ്ങൾ ഉപയോഗിച്ചു

……..2

വരുന്നതിനാൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47-നും കൂടി സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സാധൂകരണം നല്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്തിന്റെ 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 37,47 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയിരുന്ന യഥാക്രമുള്ള 8940 രൂപാ (എണ്ണായിരത്തി തൊള്ളായിരത്തി നാൽപ്പത് രൂപാ മാത്രം), 41000 രൂപാ (നാൽപ്പത്തിയോരായിരം രൂപാ മാത്രം) എന്നിവയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി.വിജയൻ

ഡെപ്യൂട്ടി സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തേഞ്ഞിപ്പാലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ